**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **08-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കുകൾ ആരംഭിക്കുവാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്;<br><br>വ്യാവസായിക ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.<br><br>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയ്ക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ലഭിച്ച അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണഫലവുമായി ബന്ധപ്പെട്ട ഉല്പാദന വ്യവസായങ്ങൾക്ക് പ്രസ്തുത വ്യവസായ പാർക്കുകളിൽ പ്രാധാന്യം നൽകുമോ; വിശദമാക്കുമോ? | (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണഫലവുമായി ബന്ധപ്പെട്ട ഉല്പാദന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്ന തരത്തിലാണ് ക്യാമ്പസ് വ്യവസായ പാർക്കുകൾ വിഭാവനം ചെയ്തിട്ടുള്ളത്. ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ ട്രേഡ്/ ബ്രാഞ്ച്/കോർ സബ്ജക്റ്റ് എന്നിവയുമായി ബന്ധമുള്ള ഉൽപന്നങ്ങൾക്ക് മുൻഗണന നൽകും. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു |

| | | | |
|---|---|---|---|
| | | | സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ഈ സംരംഭം പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ്പിനുള്ള അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിന് പ്രാപ്തരാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ